# Athmaraksha.org

ലേഖനം - അനുഭവം, സാക്ഷ്യം

## വെള്ളാരം കണ്ണിലെ ക്രിസ്തു ചൈതന്യം



### ചലച്ചിത്രതാരം മോഹിനിയുടെ കത്തോലിക്കാമതപ്പരിവർത്തനത്തിന്റെ കഥ

ചലച്ചിത്രതാരം മോഹിനി പലർക്കും സുപരിചിതയാണ്. നാടോടിയിലും സൈന്യത്തിലും ഈ പുഴയും കടന്നിലും ഒക്കെ നാം കണ്ട വെള്ളാരം കണ്ണുള്ള സുന്ദരി. എന്നാൽ മോഹിനി ക്രിസ്റ്റീനയോ? അധികമാരും അറിഞ്ഞിട്ടില്ലാത്ത ജീവിതപരിണാമമാണ് മോഹിനി ക്രിസ്റ്റീനയുടേത്.

വെള്ളിത്തിരയുടെ തിളക്കങ്ങളിൽ നിന്നും പ്രശസ്തിയുടെ കൊടുമുടിയിൽ നിന്നും അകന്നുമാറി ഇപ്പോൾ വചനവേദികളിൽ ക്രിസ്തുവിനെക്കുറിച്ചും ദൈവസ്നേഹത്തെക്കുറിച്ചും വായ്തോരാതെ പ്രസംഗിക്കുകയാണ് ക്രിസ്റ്റീന എന്ന പേരിൽ ഫാ.അഗസ്റ്റിൻ വല്ലൂരാൻ വിസിയിൽ നിന്നും കത്തോലിക്കാവിശ്വാസം സ്വീകരിച്ച മോഹിനി.

തഞ്ചാവൂരിലെ കറ കളഞ്ഞ ബ്രാഹ്മണകുടുംബത്തിൽ ജനിച്ച മഹാലക്ഷ്മിയാണ് പിന്നീട് വെള്ളിത്തിരയിലെ മോഹിനിയായത്. മോഹിപ്പിക്കുന്ന സൗന്ദര്യം കൊണ്ടും മനംമയക്കുന്ന നിഷ്ക്കളങ്കത കൊണ്ടും ഒരു കാലത്ത് മോഹനി തെന്നിന്ത്യയിലെ ഹരമായിരുന്നു. അത് അവളുടെ ജീവിതത്തിലെ ഒന്നാം ഘട്ടം. ഇരുപത്തിമൂന്നാം വയസ്സിൽ ഭരതിനെ വിവാഹം ചെയ്ത് അവൾ അമേരിക്കയിലേക്ക് യാത്രയായതു മുതൽ രണ്ടാം ഘട്ടം ആരംഭിക്കുന്നു.

സന്തുഷ്ടകരമായ ദാമ്പത്യജീവിതത്തിന്റെ മധുരം കൂട്ടുവാനായി ആദ്യ സന്താനം പിറന്നു. പരക്കെ ശാന്തമായി തോന്നിയിരുന്ന കാലം. അപ്പോഴാണ് സ്പോണ്ടിലോസിസ് രോഗം മോഹിനിയെ ഗുരുതരമായി ആക്രമിച്ച് കീഴടക്കിയത്. മകന്റെ ദാമ്പത്യജീവിതം അസുഖകരമായ അവസ്ഥയിലൂടെ കടന്നുപോകുകയാണ് എന്ന് മനസ്സിലാക്കിയ ഭരതിന്റെ മാതാപിതാക്കൾ വിവാഹമോചനം നടത്തുവാനും മറ്റൊരു വിവാഹം മകനെക്കൊണ്ട് കഴിപ്പിക്കുവാനും ശ്രമം തുടങ്ങി. ഇതേ സമയത്ത് തന്നെയായിരുന്നു രണ്ടാമതും ഗർഭിണിയാണെന്ന സത്യം മനസ്സിലായത്. നട്ടെല്ലിന് ബലക്ഷയമുള്ളതിനാൽ വിദേശ ഡോക്ടർമാരുടെ നിർദ്ദേശാനുസരണം മോഹിനി അബോർഷന് വിധേയയായി. ഇത് ക്രമേണ വിഷാദരോഗത്തിന്റെ ആഴങ്ങളിലേക്ക് അവളെ നയിച്ചു.

ജീവിതത്തിൽ തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന രോഗങ്ങളും തകർച്ചകളും മോഹിനിയുടെ ആകുലതകളെ വർദ്ധമാനമാക്കിക്കൊണ്ടിരുന്നു. എന്തുകൊണ്ടാണ് തന്റെ ജീവിതത്തിൽ ഇത്തരം തകർച്ചകൾ? കർമ്മദോഷമാണെന്നും പാപമാണെന്നും തലമുറകളായി കൈമാറി വരുന്ന ശാപമാണെന്നും രാഹുവാണെന്നും വിവിധ മറുപടികൾ അവൾക്ക് ലഭിച്ചുകൊണ്ടിരുന്നു. പ്രശ്നങ്ങൾക്ക് പരിഹാരം ലഭിക്കുമെന്ന പ്രതീക്ഷയിൽ വിവിധ മതഗ്രന്ഥങ്ങളുടെ ആഴപ്പെട്ട വായന ആരംഭിച്ചു. ഖുറാൻ, രാമായണം, ഭഗവദ്ഗീത..പക്ഷേ അവയൊന്നും പാപങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്നവയായി മോഹിനി കണ്ടെത്തിയില്ല.

ദൈവം എവിടെയോ ഉണ്ട്. പക്ഷേ എവിടെ? മോഹിനിയുടെ അന്വേഷണം ജീവിതദുരിതങ്ങളുടെ നടുവിൽ നിന്നായിരുന്നു ആരംഭിച്ചത്. മോഹിനിയുടെ വീട്ടിലെ ജോലിക്കാരി ഒരു ക്രൈസ്തവവിശ്വാസിയായിരുന്നു. അവളുടെ കൈയിൽ ബൈബിളുണ്ടെന്ന് മോഹിനിക്കറിയാമായിരുന്നു. പക്ഷേ അത് ബൈബിളിനെക്കുറിച്ചുള്ള യഥാർത്ഥ അർത്ഥത്തിലായിരുന്നില്ലെന്ന് മാത്രം. നിറയെ കഥകളുള്ള ഒരു പുസ്തകം. അങ്ങനെയായിരുന്നു മോഹിനിയുടെ ധാരണ.

അവളുടെ കൈയിൽ നിന്ന് ബൈബിൾ വാങ്ങി വായിച്ച മോഹിനി അന്നു രാത്രി അതീവസുന്ദരനായ ഒരു ചെറുപ്പക്കാരനെ സ്വപ്നത്തിൽ കണ്ടു. കൂടെ നടിച്ച ഏതൊരു നായകനെയും അസൂയപ്പെടുത്തുന്ന സുന്ദരൻ. വയലറ്റ് കളറായിരുന്നു ആ ചെറുപ്പക്കാരന്റെ വേഷം. നീളമേറിയതായിരുന്നു ആ ഡ്രസ്..നീണ്ട താടി.. അതിന് മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത രൂപം. മോഹിനി പിറ്റേന്ന് താൻ സ്വപ്നത്തിൽ കണ്ട രൂപത്തെക്കുറിച്ച് ജോലിക്കാരിയോട് പറഞ്ഞപ്പോൾ അവൾ അത്ഭുതത്തോടെ പറഞ്ഞു. 'അക്കാ. അത് യേശുവാണ്'.

യേശുവോ..മോഹിനി അത്ഭുതപ്പെട്ടു. അതാരാണ്? ക്രിസ്തുവിനെക്കുറിച്ചുള്ള മോഹിനിയുടെ അന്വേഷണം ചെന്നുനിന്നത് ഡിവൈൻ റിട്രീറ്റ് സെന്ററിലാണ്. പൂർണ്ണമായ മേൽവിലാസമുള്ള ഒരു ദൈവത്തെ മോഹിനി കണ്ടെത്തിയത് അവിടെ വച്ചാണ്. ഈ ദൈവത്തിന് 'ഫ്രം' അഡ്രസ്സുണ്ട്. 'റ്റു' അഡ്രസ്സും. ഈ തിരിച്ചറിവ് മോഹിനിയുടെ ഉള്ളിൽ വലിയൊരു ശക്തിയായി വളരുകയായിരുന്നു. ഇതായിരിക്കുമോ താൻ അന്വേഷിച്ച ദൈവം. തന്റെ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കാൻ കഴിവുള്ള ദൈവം? അനേകർ അന്നത്തെ ദിവ്യബലിക്കിടയിൽ നാവുനീട്ടി എന്തോ സ്വീകരിക്കുന്നതായും മോഹിനി കണ്ടു. അതെന്താണ്? അത് സ്വീകരിക്കാൻ അവൾക്കും ആഗ്രഹമുണ്ടായി. ഒരു കന്യാസ്ത്രീയോട് ഇക്കാര്യം പറഞ്ഞപ്പോൾ അവരാണ് പറഞ്ഞുതന്നത്. അത് ക്രിസ്തുവിന്റെ തിരുരക്തശരീരമാണെന്നും മാമ്മോദീസാ സ്വീകരിച്ച് കത്തോലിക്കരായവർക്ക് മാത്രമേ അത് സ്വീകരിക്കാൻ കഴിയൂ എന്നും. അതറിഞ്ഞപ്പോൾ മോഹിനി നേരെ പോയി അഗസ്റ്റിയൻ വല്ലൂരാനച്ചനെ കണ്ട് ജ്ഞാനസ്നാനം നൽകണമെന്ന് അപേക്ഷിച്ചു. പക്ഷേ അച്ചൻ സമ്മതിച്ചില്ല. ബ്രാഹ്മണയായ, നടിയായ മോഹിനി കത്തോലിക്കാവിശ്വാസം സ്വീകരിച്ചു എന്ന് അറിഞ്ഞാലുണ്ടാകാവുന്ന ചില പ്രശ്നങ്ങളോർത്തായിരുന്നുഅച്ചൻ വിസമ്മതം പറഞ്ഞത്. എന്നാൽ അധികം വൈകാതെ തന്നെ മോഹിനി ജ്ഞാനസ്നാനം സ്വീകരിച്ചു. ക്രിസ്റ്റീന എന്ന പേരായിരുന്നു അവൾ സ്വീകരിച്ചത്. ക്രിസ്തുവിനെ തന്റെ ജീവിതത്തിന്റെയും രോഗങ്ങളുടെയും സകലപ്രശ്നങ്ങൾക്കും മറുപടിയായി സ്വീകരിച്ച നാൾ മുതൽ തന്നെ അലട്ടിക്കൊണ്ടിരുന്നവയിൽ നിന്നെല്ലാം മോചിതയായതായി മോഹിനി സാക്ഷ്യപ്പെടുത്തുന്നു. വീണ്ടുമൊരു അമ്മയാകാൻ കഴിയില്ലെന്നായിരുന്നു മെഡിക്കൽ സയൻസ് മോഹിനിയോട് പറഞ്ഞിരുന്നത്. ഹോർമോൺ ചികിത്സ നടത്തിയാൽ മാത്രമേ രണ്ടാമതൊരു കുഞ്ഞിനെ ലഭിക്കാൻ സാധ്യതയുള്ളൂ എന്നായിരുന്നു വൈദ്യശാസ്ത്രത്തിന്റെ അഭിപ്രായം. ഇക്കാര്യം മൈക്കിൾ പയ്യപ്പിള്ളിയച്ചനോട് പറഞ്ഞപ്പോൾ അച്ചൻ പ്രതികരിച്ചത് ഇങ്ങനെയായിരുന്നു. മക്കളെ തരുന്നത് ദൈവമാണ്. കുഞ്ഞിനെ ലഭിച്ചാലും ലഭിച്ചില്ലെങ്കിലും അത് ദൈവത്തിന്റെ തീരുമാനമായി കാണുക. പക്ഷേ വൈദ്യശാസ്ത്രത്തെ അത്ഭുതപ്പെടുത്തിക്കൊണ്ട് മോഹിനി വീണ്ടും ഗർഭിണിയായി.

ഇന്ന് മോഹിനിയുടെ ജീവിതം മുഴുവൻ ക്രിസ്തുവാണ്, മറിയമാണ്. ദിവസം ഒരു കൊന്തയെങ്കിലും ചൊല്ലാത്ത ദിവസം മോഹിനിയുടെ ജീവിതത്തിലില്ല. കത്തോലിക്കാ സഭ ഒരു 'യൂണിവേഴ്സിറ്റി'യാണ്. ഇതര ക്രൈസ്തവസമൂഹങ്ങൾ ഒരു 'ട്യൂട്ടോറിയലും'.. മോഹിനി അങ്ങനെയാണ് വിലയിരുത്തുന്നത്. അതുകൊണ്ടുതന്നെ മോഹിനി ആഗ്രഹിക്കുന്നുണ്ട് എല്ലാവരും ക്രിസ്തുവിന്റെ തിരുവുടലിനെ ഭക്ഷിക്കുകയും തിരുരക്തത്തെ പാനം ചെയ്യുകയും ചെയ്യുന്നവരായി മാറിയിരുന്നുവെങ്കിൽ എന്ന്. ക്രിസ്തുവിന്റെ

തിരുശരീരരക്തങ്ങൾ പാനം ചെയ്യാനും ഭക്ഷിക്കാനും ഭാഗ്യം ലഭിച്ച നാം എത്രയോ ഭാഗ്യവാന്മാരാണ്?

ഇത് അവർ ദൈവത്തെ അന്വേഷിക്കുന്നതിനും ഒരുപക്ഷേ, അനുഭവത്തിലൂടെ അവിടുത്തെ കണ്ടെത്തുന്നതിനും വേണ്ടിയാണ്. എങ്കിലും, അവിടുന്ന് നമ്മിലാരിലും നിന്ന് അകലെയല്ല (അപ്പ.പ്രവർത്തനങ്ങൾ 17:7).

നിങ്ങൾ എന്നെ അന്വേഷിക്കും; പൂർണ്ണഹൃദയത്തോടെ അന്വേഷിക്കുമ്പോൾ എന്നെ കണ്ടെത്തും (ജറെമിയാ 29 :13)

എന്നാൽ, അവിടെവച്ച് നിങ്ങളുടെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും കൂടെ അന്വേഷിച്ചാൽ നിങ്ങൾ അവിടുത്തെ കണ്ടെത്തും (നിയമാവർത്തനം 4:29).